# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2024/12

തിരുവനന്തപുരം
19.03.2024

സ്വീകർത്താവ്

ബഹു.ചെയർമാൻ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ
വെള്ളയമ്പലം, തിരുവനന്തപുരം

സർ,

**വിഷയം :** **സോളാർ ഗ്രോസ് മീറ്ററിങ് - പബ്ലിക് ഹിയറിങ് - സമർപ്പണം**
**സൂചന :** **Draft Regulation 2024 No.230/Con Engg/2023/KSERC/29.1.2024**

Renewable Energy Obligation ന്റെ ഭാഗമായി രാജ്യമാകെ സോളാർ എനർജിക്ക് പ്രോത്സാഹനം നൽകുന്നതിന് KSEB യിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നവർക്ക് ഗവൺമെന്റ് സബ്സിഡിയോടെ വളരെയധികം ആനുകൂല്യങ്ങൾ നൽകിവരുന്നു. നിശ്ചിത ശതമാനം സോളാർ വേണമെന്ന് അല്ലെങ്കിൽ അതിനുപകരം RE സർട്ടിഫിക്കറ്റ് മതിയെന്നിരിക്കെ ഇവിടെ സോളാർ ഘടിപ്പിച്ചിരിക്കുന്നവർക്ക് വൻ ആനുകൂല്യങ്ങളാണ് നൽകുന്നത്. ഈ ആനുകൂല്യങ്ങൾ നല്ലതാണെങ്കിലും അത് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും നഷ്ടമുണ്ടാക്കുന്നതാണെങ്കിൽ അതിനെ അംഗീകരിക്കാൻ സാധിക്കില്ല. നിലവിൽ സോളാർ ഉപഭോക്താക്കൾക്ക് ബില്ലിംഗ് നെറ്റ് മീറ്ററിങ് രീതിയിലാണല്ലോ. അത് ഗ്രോസ് മീറ്ററിങ്ങിലേക്ക് മാറ്റണമെന്നതാണ് ഞങ്ങളുടെ നിർദ്ദേശം.

സൂചന റെഗുലേഷനിൽ "Net billing or Net fed-in" എന്ന് പറയുന്നത് ഗ്രോസ് മീറ്ററിങ് calculation ആണെങ്കിൽ അതിനെ പൂർണ്ണമായും അംഗീകരിക്കുന്നു. അതിൽ ബില്ലിങ്ങിൽ ചതിക്കുഴികൾ ഒളിഞ്ഞിരിക്കുന്നുവെങ്കിൽ അതിനെ അംഗീകരിക്കാൻ സാധിക്കില്ല. ഒരു പൊതു താല്പര്യത്തിന്റെ ഭാഗമായി ഗ്രോസ് മീറ്ററിങ് നടപ്പാക്കണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതിന്റെ ആധികാരികത താഴെ ചൂണ്ടിക്കാണിക്കുന്നു.

1. സോളാർ പ്രോത്സാഹനത്തിൽ ഇപ്പോൾ പ്രസക്തിയില്ല. ജലവൈദ്യുതിയും പാരമ്പര്യേതര ഊർജ്ജത്തിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ ഉൾപ്പെടുത്തിയതിനാൽ (2014 മുതലുള്ള ഞങ്ങളുടെ ഇടപെടലുകളുടെ വിജയം) കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന നിശ്ചിത ശതമാനത്തിൽ കൂടുതൽ Renewable Energy ഇവിടെ ഉണ്ട്. അപ്പോൾ KSEB ക്കും ജനങ്ങൾക്കും വൻ ബാധ്യത വരുത്തുന്ന സോളാർ പ്രോത്സാഹനം പൊതു താൽപ്പര്യത്തിന് വിരുദ്ധം.

2. സോളാർ ഉപഭോക്താക്കൾക്ക് ഇപ്പോൾ നെറ്റ് മീറ്ററിങ് രീതിയിൽ ആണല്ലോ ബില്ല് ചെയ്യുന്നത്. അതുവഴി KSEB ക്ക് പ്രതിമാസം ഉദ്ദേശം 40 കോടി നഷ്ടം. ഇത് സാധാരണ പാവപ്പെട്ട ജനങ്ങളിലേക്ക് വൈദ്യുതി ചാർജ് വർദ്ധനയായി കൈമാറുന്നത് പൊതുതാൽപര്യത്തിന് വിരുദ്ധം.

3. നെറ്റ് മീറ്ററിങ് രീതിയിൽ പകൽ സമയം ലഭിക്കുന്ന "കുറഞ്ഞവില" വൈദ്യുതിക്ക് സമാനമായി രാത്രിയിൽ അതേ അളവിൽ നല്കുന്നതുമൂലം (10 രൂപ വിലയുള്ള വൈദ്യുതി) വൻ ബാധ്യത KSEB ക്ക് ഉണ്ടാകുന്നു. ഈ ബാധ്യത ജനത്തിനുമേൽ വരുന്നതോടെ അത് പൊതു താൽപര്യത്തിനു വിരുദ്ധം.

4. 1.36 കോടി ഉപഭോക്താക്കളുള്ള KSEB യിൽ 122600 പേർ മാത്രമാണ് സോളാർ ഉപഭോക്താക്കൾ. BPL കാരോ പാവപ്പെട്ടവരോ അല്ലാത്ത ഇക്കൂട്ടർക്ക് സബ്സിഡി നൽകുന്നത് പോരാഞ്ഞിട്ട് ബില്ലിങ്ങിലെ തട്ടിക്കൂട്ടിലൂടെ വൻ ലാഭം നൽകി സാധാരണക്കാരിൽ നിന്നും കൂടിയ വൈദ്യുതി ചാർജ് വാങ്ങുന്നത് പൊതുതാൽപര്യത്തിന് വിരുദ്ധം. കഴിഞ്ഞ 7 വർഷം കൊണ്ട് 40% കൂടുതൽ ചാർജ് വർദ്ധിക്കാനുള്ള കാരണം അത് തന്നെയാണെന്ന് വ്യക്തമായിരിക്കുകയാണ്.

5. സോളാർ ഘടിപ്പിച്ചിരിക്കുന്ന ഉപഭോക്താക്കൾക്ക് അവർ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് അവരുമായിട്ടുള്ള കരാർ പ്രകാരമുള്ള തുക നൽകണം. KSEB മറ്റൊരു കൺസ്യൂമറിൽ നിന്നും വാങ്ങുന്ന അതേ നിരക്കിൽ സോളാർ ഉപഭോക്താവ് ഉപയോഗിക്കുന്ന വൈദ്യുതിക്ക് അവരിൽനിന്നും ഈടാക്കണം അതാണ് പൊതുതാൽപര്യം അനുസരിച്ചുള്ള ബില്ലിംഗ് രീതി.

6. സോളാർ ഉപഭോക്താക്കൾക്ക് ഇപ്പോൾ നൽകുന്ന 2.69 നുപകരം Adani Wind Energy Ltd ന് നൽകുന്ന Rs.2.90 അല്ലെങ്കിൽ അതിൽ കൂടുതലോ സോളാർ കൺസ്യൂമർക്ക് നൽകിയാലും പ്രശ്നമില്ല. കണക്കിലെ കള്ളക്കളിയിലൂടെ കേവലം 122600 പേർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കി പാവപ്പെട്ടവന് സാമ്പത്തിക കോട്ടം ഉണ്ടാക്കുന്ന നടപടി പൊതുതാല്പര്യം അല്ലാത്തതിനാൽ ഇത് അംഗീകരിക്കാനാകില്ല. ഇത് പൊതുതാൽപര്യം ഹർജിയുടെ പരിധിയിൽ വരുന്ന വിഷയമാണ്. സോളാർ കൺസ്യൂമറോട് എത്ര രൂപയ്ക്ക് വാങ്ങാമെന്നാണോ കരാർ വച്ചിരുന്നത് ആ വില അവർക്ക് നൽകണം എന്നൊരു ബാധ്യത മാത്രമേ KSEB ക്ക് ഉള്ളു. മറിച്ച് ബില്ലിംഗ് തന്ത്രങ്ങൾ ആരെങ്കിലും മെനഞ്ഞിട്ടുണ്ടെങ്കിൽ നാളിതുവരെ വന്ന നഷ്ടം അവരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ ബഹു.കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ റെഗുലേഷനിൽ പറഞ്ഞിരിക്കുന്ന Net-billing or Net fed-in എന്നത് പൂർണ്ണമായും ഗ്രോസ് മീറ്ററിങ് ആണെങ്കിൽ അതിനെ ഞങ്ങൾ പിന്തുണയ്ക്കുന്നു. സോളാർ കൺസ്യൂമറിന് ഗ്രോസ് മീറ്ററിങ് സിസ്റ്റം ഈ കത്തിലെ Para 5 പ്രകാരം ബില്ല് ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10485
★ INTUC ★